KOLLAM CITY POLICE
https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 05/09/2021

# സ്വകാര്യ ആശുപത്രി ജീവനക്കാരിയെ കടന്നുപിടിച്ച് മാനഹാനി വരുത്തിയ ആംബുലൻസ് ഡ്രൈവർ അറസ്റ്റിൽ.

കൊല്ലം : കഴിഞ്ഞ ദിവസം അയത്തിൽ സ്വകാര്യ ആശുപത്രിയിലെ ജീവനക്കാരിയെ ദുരുദ്ദേശത്തോടുകൂടി കടന്നുപിടിച്ച് മാനഹാനി വരുത്തിയതിന് രജിസ്റ്റർ ചെയ്ത കേസിലാണ് ആംബുലൻസ് ഡ്രൈവറിനെ ഇരവിപുരം പോലീസ് അറസ്റ്റ് ചെയ്തത്. പാലോട്,പൊന്നൻ തോട്ടം മേക്കര വീട്ടിൽ സുധീഷ് മകൻ സുജിത് (23) ആണ് അറസ്റ്റിലായത്.


സുജിത് (23)

കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം കൊല്ലം പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ പോലീസ് ഇൻസ്പെക്ടർ വി വി അനിൽകുമാർ, എസ് ഐ മാരായ ദീപു, അരുൺഷാ, പ്രകാശ് സിപിഒ മാരായ മനാഫ്, ബിജു ജലാൽ, വിനു വിജയ്, സുമേഷ് ബോബി എന്നിവരാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്.

# കടവിൽ വള്ളം കെട്ടുന്നതുസംബന്ധിച്ച തർക്കത്തെ തുടർന്ന് വയോധികനെ കുത്തിപ്പരിക്കേൽപ്പിച്ചശേഷം ഒളിവിൽ പോയ പ്രതി അറസ്റ്റിൽ.

കൊല്ലം 2021 ഓഗസ്റ്റ് മാസം 8-ാം തീയതി രാവിലെ 08.15 മണിയോടെ ശക്തികുളങ്ങര പാലത്തിന് സമീപമുള്ള ചാപ്ര കടവിൽ പ്രതിയായ ശക്തികുളങ്ങര പുത്തൻതുരുത്തിൽ ലാലുഭവനിൽ ക്ലീറ്റസ് മകൻ കുണ്ടറ ലാലു എന്ന ലാലു വള്ളം കൊണ്ട് കെട്ടിയത് ചോദ്യം ചോയ്തതിലുള്ള വിരോധത്തിൽ ശക്തികുളങ്ങര ശിവശക്തി നഗറിൽ തറയിൽ പുരയിടം ശ്യാം നിവാസിൽ പീറ്റർ മകൻ സ്റ്റീഫൻ (70) നെ കഠാര കൊണ്ട് ഇടത് ഏണിന് കുത്തി ഗുരുതരമായി പരിക്കേൽപ്പിച്ചശേഷം ഒളിവിൽ കഴിയുകയായിരുന്ന പ്രതി ലാലുവിനെ ശക്തികുളങ്ങര പോലീസ് അറസ്റ്റ് ചെയ്തു.


കുണ്ടറ ലാലു

കൊല്ലം സിറ്റി പോലീസ് കമ്മീഷണർക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് കൊല്ലം പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നിർദ്ദേശാനുസരണം പോലീസ് ഇൻസ്പെക്ടർ യു. ബിജു, എസ് ഐ വി. അനീഷ്, എഎസ്ഐമാരായ സുനിൽകുമാർ, ഡാർവിൻ സിപിഒ മാരായശ്രീജു, ഹാഷിം എന്നിവരാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്.